പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3222 | 21.08.2017-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി. കേന്ദ്ര ഓഫീസിലെ ടൈംടേബിൾ സെല്ലിന്റെ പ്രവർത്തനം

ചോദ്യം

ശ്രീ.എം.ഉമ്മർ

ഉത്തരം

ശ്രീ. തോമസ് ചാണ്ടി

(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. കേന്ദ്ര ഓഫീസിലെ ടൈംടേബിൾ സെല്ലിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | കെ.എസ്.ആർ.ടി.സി.യിലും, കെ.യു.ആർ.ടി.സി.യിലുമുള്ള ഷെഡ്യൂളുകളുടെ സമയക്രമം നിശ്ചയിക്കൽ, ക്രൊണോളജി തയ്യാറാക്കൽ, ഫെയർ ടേബിളുകൾ തയ്യാറാക്കൽ, നിലവിലുള്ളതും പുതിയതുമായ ചെയിൻ സർവ്വീസുകളുടെ സമയക്രമീകരണം നിശ്ചയിക്കൽ നിലവിലുള്ള വ്യവസ്ഥകൾക്കും നിയമങ്ങൾക്കും വിധേയമായി ഡ്യൂട്ടി പാറ്റേൺ നിശ്ചയിക്കൽ, അംഗീകൃത ഷെഡ്യൂൾ പ്രകാരം സർവ്വീസ് ഓപ്പറേഷൻ നടത്തുന്നുണ്ടോ എന്ന് ഡിപ്പോകളിൽ നേരിട്ട് പരിശോധന നടത്തൽ വിവരാവകാശനിയമപ്രകാരം ഷെഡ്യൂൾ, ഫെയർ, ഡ്യൂട്ടി പാറ്റേൺ സംബന്ധമായ ചോദ്യങ്ങൾക്ക് മറുപടി നൽകൽ, മേഖലാ തലത്തിലുള്ള മീറ്റിങ്ങുകളിൽ പങ്കെടുത്ത് ഷെഡ്യൂൾ ഓപ്പറേഷനുമായി ബന്ധപ്പെട്ട ക്രമക്കേടുകൾ റിപ്പോർട്ട് ചെയ്യൽ തുടങ്ങിയവയാണ് ടൈം ടേബിൾ സെല്ലിന്റെ ജോലി. കൂടാതെ കെ.എസ്.ആർ.ടി.സി.യിൽ ഉണ്ടാകുന്ന ഫെയർ റിവിഷൻ, ഇന്റർ സ്റ്റേറ്റ് എഗ്രിമെന്റുള്ള സംസ്ഥാനങ്ങളിലെ ഫെയർ റിവിഷൻ എന്നിവക്കുള്ള ഫെയർ ടേബിളുകൾ തയ്യാറാക്കുകയും ചെയ്യുന്നത് ഈ സെക്ഷന്റെ ചുമതലയാണ്. |
| (ബി) | പ്രസ്തുത സെല്ലിൽ എത്ര ജീവനക്കാരാണ് സേവനമനുഷ്ഠിച്ചു വരുന്നത്; | (ബി) | നിലവിൽ 8 ജീവനക്കാർ ജോലി ചെയ്യുന്നു. (ഇൻസ്പെക്ടർ - 5, കണ്ടക്ടർ - 3) |
| (സി) | ഈ വിഭാഗത്തിൽ ജീവനക്കാരെ നിയമിക്കുന്നതിന് എന്തെങ്കിലും | (സി) | പ്രത്യേക വ്യവസ്ഥകൾ നിലവിലില്ല. എന്നാൽ സർവ്വീസ് ഓപ്പറേഷനുമായും, |

| | | | |
|---|---|---|---|
| | പ്രത്യേക വ്യവസ്ഥകൾ നിലവിലുണ്ടോ; വിശദമാക്കാമോ; | | റൂട്ടുകൾ സംബന്ധിച്ചും അറിവും പരിജ്ഞാനവുമുള്ള ഓപ്പറേറ്റിംഗ് വിഭാഗം ജീവനക്കാരെ (കണ്ടക്ടർ, സ്റ്റേഷൻമാസ്റ്റർ, ഇൻസ്പെക്ടർ) യാണ് ഈ സെക്ഷനിൽ നിയമിക്കുന്നത്. |
| (ഡി) | 2010 മുതൽ പ്രസ്തുത സെല്ലിൽ എത്ര ഫയലുകൾ ആരംഭിച്ചിട്ടുണ്ട്; എത്ര ഫയലിൽ നടപടികൾ തീർപ്പാക്കിയിട്ടുണ്ട്; വിശദവിവരം നൽകുമോ; | (ഡി) | ഈ സെക്ഷൻ മറ്റു സെക്ഷനുകളെപ്പോലെ ഫയൽ വർക്കുകൾ നടത്തുന്നതിനോടൊപ്പം പ്രതിവർഷം 5661 ഷെഡ്യൂളുകളുടെ പരിശോധനയും പുനഃക്രമീകരണവും നടത്തിവരുന്നു. ഇവ ഓരോന്നും ഒരു ഫയലിന് തുല്യമാണ്. കൂടാതെ രണ്ടായിരത്തോളം സൂപ്പർക്ലാസ് സർവ്വീസുകൾക്ക് ആവശ്യമായ ഫെയർ ടേബിളുകൾ തയ്യാറാക്കുന്നതും ഈ സെക്ഷനിൽ നിന്നാണ്. കൂടാതെ 01.01.2010 മുതൽ നാളിതുവരെ ട്രാൻസിറ്റ് ബുക്കുകളിലെ കണക്കുകൾ പ്രകാരം 2346 ഫയലുകൾ പരിശോധിച്ച് തീർപ്പാക്കുന്നതിലേക്കായി ബന്ധപ്പെട്ട സെക്ഷനുകളിൽ നൽകിയിട്ടുണ്ട്. |
| (ഇ) | നിലവിൽ കെ.എസ്.ആർ.ടി.സി. യ്ക്ക് സാമ്പത്തിക ബാധ്യതയുള്ള സാഹചര്യത്തിൽ പ്രസ്തുത സെല്ലിൽ പരമാവധി ജീവനക്കാരെ കുറച്ച് കമ്പ്യൂട്ടർ വത്ക്കരണത്തിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ? | (ഇ) | പൂർണ്ണ കമ്പ്യൂട്ടർവൽക്കരണ നടപടികൾ ത്വരിതഗതിയിൽ നടന്നുവരുന്നു. അത് പൂർത്തിയാകുന്ന മുറയ്ക്ക് ജീവനക്കാരുടെ എണ്ണത്തിൽ കുറവ് വരുത്തുന്ന കാര്യം പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**